## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2359** **17.08.2017-ൽ മറുപടിയ്ക്ക്**

**കൈത്താങ്ങ് പദ്ധതി**

**ചോദ്യം**
**ശ്രീ. ഇ.പി.ജയരാജൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കൈത്താങ്ങ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ച പദ്ധതിയാണ് 'കൈത്താങ്ങ് പദ്ധതി'.<br>മാതാപിതാക്കളുടെ ആശ്രയമില്ലാത്ത പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനും, അത്തരം അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോത്സാഹിപ്പിക്കുകയുമാണ് 'കൈത്താങ്ങ്' എന്ന പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.<br>അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1,000/-രൂപ ധനസഹായം അനുവദിക്കുന്നു. പ്രസ്തുത തുക വ്യവസ്ഥകൾക്ക് വിധേയമാകാതെ കുട്ടിയുടെ സംരക്ഷകന് കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിത്സ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത തുക രക്ഷിതാവിന്റെ |

| | | | |
|---|---|---|---|
| | | | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. കൈത്താങ്ങ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾ/ മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾ മാനസിക രോഗിയും ആയിട്ടുള്ളവരുടെ കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും മറ്റേയാൾ കാൻസർ, ടി.ബി തുടങ്ങിയ ഗുരുതരമായ അസുഖങ്ങൾ മൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്തവരോ ആണെങ്കിൽ അവരുടെ കുട്ടികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.<br>2. കുട്ടികൾ ആരുടെ സംരക്ഷണയിലാണോ കഴിഞ്ഞു വരുന്നത് അവർക്കാണ് ധനസഹായം അനുവദിക്കുന്നത്. ആയതിന് കുട്ടികൾ ആരുടെ സംരക്ഷണയിലാണെന്ന് സ്ഥലം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.<br>3. ഗുണഭോക്താവിന്റെ രക്ഷിതാവ് വകുപ്പ് നിർദ്ദേശിക്കുന്ന അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>4. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നവരുടെ രക്ഷിതാക്കളിൽ |

| | | | |
|---|---|---|---|
| | | | ആരുടെ പേർക്കാണ് പണം അനുവദിക്കേണ്ടത് അവരുടെ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് നമ്പർ സഹിതമുള്ള ലിസ്റ്റ് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ/ഐ.ടി.ഡി. പ്രോജക്ടാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br>5. തുക മാറി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന ചുമതല ബന്ധപ്പെട്ട ഐ.ടി.ഡി പ്രോജക്ട് ഓഫീസർ/പട്ടികവർഗ്ഗ വികസന ഓഫീസർക്ക് ആയിരിക്കും.<br>6. കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതുവരെയോ 18 വയസു വരെയോ മാത്രമേ ഈ തുക അനുവദിക്കുകയുള്ളു. |
| ബി) | പ്രസ്തുത പദ്ധതിക്കായി 2016-17 വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; | ബി) | പ്രസ്തുത പദ്ധതിക്കായി 2016-17 വർഷം 1,22,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | അനാഥരായ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ലഭിച്ചു; വ്യക്തമാക്കുമോ; | സി) | അനാഥരായ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. 2016-17-ൽ 629 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| ഡി) | 2017-18 ൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | 2017-18 ൽ പ്രസ്തുത പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ